ചെറിയമുണ്ടം അബ്ദുൽഹമീദ്

ഖുർആനിനെ കണ്ടെത്തൽ ▬ അധ്യായം 3, ആലുഇംറാൻ

# ധർമസമരത്തിന്റെ നേട്ടങ്ങൾ ഇഹത്തിലും പരത്തിലും

١٦٩ وَلَا تَحْسَبَنَّ ٱلَّذِينَ قُتِلُوا۟ فِى سَبِيلِ ٱللَّهِ
أَمْوَٰتًۢا ۚ بَلْ أَحْيَآءٌ عِندَ رَبِّهِمْ يُرْزَقُونَ ﴿١٦٩﴾

അല്ലാഹുവിന്റെ മാർഗത്തിൽ കൊല്ലപ്പെട്ടവരെ മരിച്ചുപോയവരായി നീ ഗണിക്കരുത്. എന്നാൽ അവരുടെ രക്ഷിതാവിന്റെ അടുക്കൽ അവർ ജീവിച്ചിരിക്കുന്നവരാണ്. അവർക്ക് ഉപജീവനം നല്കപ്പെട്ടുകൊണ്ടിരിക്കുന്നു.

١٧٠ فَرِحِينَ بِمَآ ءَاتَىٰهُمُ ٱللَّهُ مِن فَضْلِهِۦ
وَيَسْتَبْشِرُونَ بِٱلَّذِينَ لَمْ يَلْحَقُوا۟ بِهِم مِّنْ
خَلْفِهِمْ أَلَّا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ ﴿١٧٠﴾

അല്ലാഹു തന്റെ അനുഗ്രഹത്തിൽ നിന്ന് അവർക്ക് നല്കിയതുകൊണ്ട് അവർ സന്തുഷ്ടരായിരിക്കും. തങ്ങളോടൊപ്പം വന്നു ചേർന്നിട്ടില്ലാത്ത, തങ്ങളുടെ പിന്നിൽ (ഇഹലോകത്ത്) കഴിയുന്ന വിശ്വാസികളെക്കുറിച്ച്, അവർക്ക് യാതൊന്നും ഭയപ്പെടാനോ ദു:ഖിക്കാനോ ഇല്ലെന്നോർത്ത് അവർ (രക്തസാക്ഷികൾ) സന്തോഷമടയുന്നു.

١٧١ يَسْتَبْشِرُونَ بِنِعْمَةٍ مِّنَ ٱللَّهِ وَفَضْلٍ وَأَنَّ
ٱللَّهَ لَا يُضِيعُ أَجْرَ ٱلْمُؤْمِنِينَ ﴿١٧١﴾

അല്ലാഹുവിന്റെ അനുഗ്രഹവും ഔദാര്യവും കൊണ്ട് അവർ സന്തുഷ്ടരാകുന്നു. സത്യവിശ്വാസികളുടെ പ്രതിഫലം അല്ലാഹു പാഴാക്കുകയില്ല എന്നതും (അവരെ സന്തുഷ്ടരാക്കുന്നു.)

١٧٢ ٱلَّذِينَ ٱسْتَجَابُوا۟ لِلَّهِ وَٱلرَّسُولِ مِنۢ بَعْدِ
مَآ أَصَابَهُمُ ٱلْقَرْحُ ۚ لِلَّذِينَ أَحْسَنُوا۟ مِنْهُمْ
وَٱتَّقَوْا۟ أَجْرٌ عَظِيمٌ ﴿١٧٢﴾

പരിക്ക് പറ്റിയതിനു ശേഷവും അല്ലാഹുവിന്റെയും റസൂലിന്റെയും ആഹ്വാനം സ്വീകരിച്ചവരാരോ, അവരിൽ നിന്ന് സദ്വൃത്തതയും ധർമനിഷ്ഠയും പുലർത്തിയവർക്ക് മഹത്തായ പ്രതിഫലമുണ്ട്.

١٧٣ ٱلَّذِينَ قَالَ لَهُمُ ٱلنَّاسُ إِنَّ ٱلنَّاسَ قَدْ جَمَعُوا۟
لَكُمْ فَٱخْشَوْهُمْ فَزَادَهُمْ إِيمَـٰنًا وَقَالُوا۟
حَسْبُنَا ٱللَّهُ وَنِعْمَ ٱلْوَكِيلُ ﴿١٧٣﴾

ആ ജനങ്ങൾ നിങ്ങളെ നേരിടാൻ (സൈന്യത്തെ) ശേഖരിച്ചിരിക്കുന്നു; അവരെ നിങ്ങൾ ഭയപ്പെടണം എന്ന് ആളുകൾ അവരോട് പറഞ്ഞപ്പോൾ അതവരുടെ വിശ്വാസം വർധിപ്പിക്കുകയാണ് ചെയ്തത്. അവർ പറഞ്ഞു. ഞങ്ങൾക്ക് അല്ലാഹു മതി. ഭരമേല്പിക്കാൻ ഏറ്റവും നല്ലത് അവനത്രെ.

١٧٤ فَٱنقَلَبُوا۟ بِنِعْمَةٍ مِّنَ ٱللَّهِ وَفَضْلٍ لَّمْ يَمْسَسْهُمْ
سُوٓءٌ وَٱتَّبَعُوا۟ رِضْوَٰنَ ٱللَّهِ ۗ وَٱللَّهُ ذُو فَضْلٍ عَظِيمٍ ﴿١٧٤﴾

അങ്ങനെ അല്ലാഹുവിങ്കൽ നിന്നുള്ള അനുഗ്രഹവും ഔദാര്യവും കൊണ്ട് യാതൊരു ദോഷവും ബാധിക്കാതെ അവർ മടങ്ങി. അല്ലാഹുവിന്റെ പ്രീതിയെ അവർ പിന്തുടരുകയും ചെയ്തു. മഹത്തായ ഔദാര്യമുള്ളവനത്രെ അല്ലാഹു.

١٧٥ إِنَّمَا ذَٰلِكُمُ ٱلشَّيْطَـٰنُ يُخَوِّفُ أَوْلِيَآءَهُۥ فَلَا
تَخَافُوهُمْ وَخَافُونِ إِن كُنتُم مُّؤْمِنِينَ ﴿١٧٥﴾

അത് (നിങ്ങളെ പേടിപ്പിക്കാൻ ശ്രമിച്ചത്) പിശാച് തന്നെയാണ്. അവൻ തന്റെ മിത്രങ്ങളെക്കുറിച്ച് (നിങ്ങളെ) ഭയപ്പെടുത്തുകയാണ്. അതിനാൽ നിങ്ങൾ അവരെ ഭയപ്പെടാതെ എന്നെ ഭയപ്പെടണം; നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ.

لَا تَحَسَبَنَّ നീ ഗണിക്കരുത് / ധരിച്ചുപോകരുത് (ഭൂക്രി حَسِبَ), الَّذِينَ قُتِلُوا കൊല്ലപ്പെട്ടവർ, سَبِيلٌ മാർഗം, اَمْوَاتٌ മരിച്ചവർ (ഏ.വ مَيِّتٌ), اَحْيَاءٌ ജീവനുള്ളവർ, ജീവിച്ചി

രിക്കുന്നവർ (ഏ. വ حَيّ), عِنْدَ رَبِّهِمْ അവരുടെ രക്ഷിതാ
വിന്റെ അടുത്ത്, يُرْزَقُونَ അവർക്ക് ഉപജീവനം നല്ക
പ്പെടുന്നു (ഭൂക്രി رُزِقَ ), فَرِحُونَ، فَرِحِينَ സന്തുഷ്ടർ
(ഏ. വ فَرِحٌ), آتَاهُمُ അവർക്ക് നല്കി, فَضْلٌ ഔദാര്യം,
يَسْتَبْشِرُونَ അവർ സന്തോഷമടയുന്നു (ഭൂക്രി اِسْتَبْشَرَ),
لَمْ يَلْحَقُوا അവർ വന്നു ചേർന്നില്ല (ഭൂക്രി لَحِقَ), خَلْفِهِمْ
مِنْ അവരുടെ പിന്നിലായിട്ട്, لاَ خَوْفٌ യാതൊരു ഭയ
വുമില്ല, لاَ يَحْزَنُونَ അവർ ദു:ഖിക്കുകയില്ല, نِعْمَةٌ അനു
ഗ്രഹം, لاَ يُضِيعُ പാഴാക്കുകയില്ല, നഷ്ടപ്പെടുത്തുകയി
ല്ല, أَجْرٌ പ്രതിഫലം, اِسْتَجَابُوا അവർ ഉത്തരം നല്കി,
ആഹ്വാനം സ്വീകരിച്ചു, اَصَابَ ബാധിച്ചു, ഏറ്റു, قَرْحٌ
പരിക്ക്, മുറിവ്, أَحْسَنُوا അവർ സദ്വൃത്തരായി, اِتَّقَوْا
അവർ സൂക്ഷ്മത/ധർമനിഷ്ഠ പുലർത്തി, عَظِيمٌ മ
ഹത്തായ, മഹത്വമുള്ള, النَّاسُ ആളുകൾ, ജനങ്ങൾ,
جَمَعُوا അവർ ശേഖരിച്ചു/ഒരുമിച്ചുകൂട്ടി, اِخْشَوْا നിങ്ങൾ
ഭയപ്പെടണം (ഭൂക്രി خَشِيَ), زَادَ വർധിപ്പിച്ചു, اِيمَانٌ വി
ശ്വാസം, قَالُوا അവർ പറഞ്ഞു, حَسْبُنَا ഞങ്ങൾക്ക് മ
തി, نِعْمَ നല്ലത് തന്നെ, നന്നായി, وَكِيلٌ ഭരമേല്പിക്ക
പ്പെടുന്നവൻ, കൈകാര്യകർത്താവ്, اِنْقَلَبُوا അവർ മട
ങ്ങി, لَمْ يَمْسَسْهُمْ അവരെ ബാധിച്ചില്ല (ഭൂക്രി مَسَّ), سُوءٌ
ദോഷം, തിന്മ, اِتَّبَعُوا അവർ പിന്തുടർന്നു, رِضْوَانٌ പ്രീ
തി, സംതൃപ്തി, يُخَوِّفُ ഭയപ്പെടുത്തുന്നു (ഭൂക്രി خَوَّفَ),
لاَ تَخَافُوا നിങ്ങൾ ഭയപ്പെടരുത് (ഭൂക്രി خَافَ), خَافُونِ എ
ന്നെ നിങ്ങൾ ഭയപ്പെടണം, اِنْ كُنْتُمْ നിങ്ങൾ ആയിരു
ന്നാൽ / ആണെങ്കിൽ

ഏകദൈവ വിശ്വാസികൾ മാത്രമല്ല, ബഹുദൈവവാദികളും ഭൗതികവാദികളും രക്തസാക്ഷിത്വത്തെ മഹത്വവത്ക്കരിക്കാറുണ്ട്. സ്വാതന്ത്ര്യം പൊരുതി നേടിയ രാഷ്ട്രങ്ങൾ സ്വാതന്ത്ര്യ സമരത്തിലെ രക്തസാക്ഷികളെ പ്രകീർത്തിക്കുകയും അവരുടെ സ്മാരകങ്ങളിലും ശവകുടീരങ്ങളിലും പുഷ്പ ചക്രങ്ങൾ അർപ്പിക്കുകയും ചെയ്യുന്നു. ഭീരുക്കളും സ്വാർഥികളുമായ മനുഷ്യരേക്കാൾ ഏറെ ഔന്നത്യമുള്ളവരാണ് മഹത്തായ ലക്ഷ്യങ്ങൾക്കുവേണ്ടി ജീവൻ ത്യജിച്ച രക്തസാക്ഷികൾ എന്ന ബോധം എല്ലാ ജനവിഭാഗങ്ങളെയും സ്വാധീനിക്കുന്നുവെന്നാണ് ഇതിൽനിന്ന് മനസ്സിലാക്കാവുന്നത്. മരണത്തോടെ ജീവിതം ശൂന്യതയിൽ കലാശിക്കുന്നു അഥവാ മരണത്തിനുശേഷം യാതൊരുവിധ ജീവിതവും ഇല്ല എന്ന് കരുതുന്ന ഭൗതികവാദികൾ പോലും രക്തസാക്ഷികൾ അനശ്വരത നേടിയവരാണെന്ന് വാഴ്ത്താറുണ്ട്.

മരണത്തോടെ എല്ലാം അവസാനിക്കുമെങ്കിൽ എന്താണ് ഈ അനശ്വരതയുടെ അർഥമെന്ന് ചോദിച്ചാൽ, തലമുറകളുടെ മനസ്സിൽ രക്തസാക്ഷികളുടെ സ്മരണ സജീവമായി നിലനില്ക്കുമെന്നാണ് ഭൗതികവാദികൾ മറുപടി പറയാറുള്ളത്. പക്ഷേ, ജീവൻ ത്യജിച്ച വ്യക്തികൾക്ക് ഇതുകൊണ്ട് എന്താണ് നേട്ടമെന്ന് ചോദിച്ചാൽ അവരിൽ നിന്ന് തൃപ്തികരമായ വിശദീകരണമൊന്നും ലഭിക്കാറില്ല. രക്തസാക്ഷികൾക്ക് മരണാനന്തരം മൗലികമായി എന്താണ് ലഭിക്കാനുള്ളതെന്ന് ബഹുദൈവ വാദത്തിന്റെ വക്താക്കളാരും വിശദീകരിച്ചു കണ്ടിട്ടില്ല. ഹ്രസ്വമായ ഈ ജീവിതം തന്നെയാണ് എല്ലാമെല്ലാം എന്ന് കരുതുന്ന ആർക്കും സേവന നിരതമായ ജീവിതത്തിന്റെയോ രക്തസാക്ഷിത്വത്തിന്റെയോ ആത്യന്തിക നേട്ടമെന്തെന്ന് വ്യക്തമാക്കാൻ കഴിയില്ല എന്നതാണ് വസ്തുത.

എന്നാൽ രക്തസാക്ഷിത്വത്തിന്റെ യഥാർഥ മൂല്യം എന്താണെന്ന് വിശുദ്ധ ഖുർആൻ അസന്നിഗ്ധമായി വ്യക്തമാക്കുന്നു. നശ്വരമായ ഈ ജീവിതം വെടിയുന്നതോടെ രക്തസാക്ഷികൾ നിത്യവും ഉദാത്തവുമായ വിശിഷ്ട ജീവിതത്തിലേക്ക് കടക്കുകയാണ് ചെയ്യുന്നത്. ഈ മണ്ണിലെ ജീവിതത്തേക്കാൾ വളരെ മികച്ച മഹോന്നതമായ ഒരു ജീവിതമാണ് അല്ലാഹുവിന്റെ സന്നിധിയിൽ അവർക്കുള്ളത്. വിവിധ ഖുർആൻ സൂക്തങ്ങളും നബിവചനങ്ങളും ആ ജീവിതത്തിന്റെ മഹത്വത്തിലേക്ക് വെളിച്ചം വീശുന്നു. ഈ ലോകത്ത് എത്ര സൗഭാഗ്യമനുഭവിക്കുന്നവർക്കും ആധികളും വ്യാധികളുമുണ്ടാകും. ആക്രമണങ്ങളെയും അപകടങ്ങളെയും നഷ്ടങ്ങളെയും ദുരന്തങ്ങളെയും സംബന്ധിച്ച ഭയം ജീവിച്ചിരിക്കുന്നവരെ പലപ്പോഴും അസ്വസ്ഥരാക്കും. കഷ്ടനഷ്ടങ്ങളുടെ പേരിലുള്ള ദു:ഖം പലർക്കും ഒഴിയാബാധയായിരിക്കും. എന്നാൽ അല്ലാഹുവിന്റെ സന്നിധിയിൽ ഉൽകൃഷ്ടമായ ആത്മീയ ജീവിതം അനുഭവിക്കുന്ന രക്തസാക്ഷികൾ സകല ഭയങ്ങളിൽ നിന്നും അസ്വാസ്ഥ്യങ്ങളിൽ നിന്നും മുക്തി നേടി നിത്യാനന്ദം കൈവരിക്കുന്നു. അല്ലാഹു ഉദാരമായി നല്കുന്ന അനുഗ്രഹങ്ങളുടെ ധന്യത അവരെ ആഹ്ലാദഭരിതരാക്കുന്നു. ഈ ലോകത്ത് അവർക്ക് ഊഹിക്കാൻ പോലും കഴിയാതിരുന്ന വിസ്മയകരമായ സൗഭാഗ്യം!

തങ്ങൾക്ക് അല്ലാഹു കനിഞ്ഞു നല്കുന്ന അനിതരമായ അനുഗ്രഹങ്ങളിൽ സ്വയം സന്തുഷ്ടരും സംതൃപ്തരുമാകുന്നതിന് പുറമെ, ഇഹലോകത്ത് യഥാർഥ ഇസ്‌ലാമിക ജീവിതം നയിക്കുകയും, അല്ലാഹുവിന്റെ മാർഗത്തിൽ ത്യാഗസമരങ്ങളിൽ ഏർപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നവർക്ക് ലഭിക്കാനിരിക്കുന്ന മഹത്വത്തെയും നിർഭയത്വത്തെയും സമാധാനത്തെയും മറ്റും സംബന്ധിച്ച ചിന്തയും അവരെ സന്തുഷ്ടചിത്തരാക്കുന്നു. അല്ലാഹുവിൽ ശരിയായ വിശ്വാസം പുലർത്തുന്നവർ ചെയ്യുന്ന മുഴുവൻ സത്കർമങ്ങൾക്കും ഒട്ടും കമ്മി വരുത്താതെ അവൻ പ്രതിഫലം നല്കുമെന്ന ബോധ്യവും അവരെ സന്തോഷഭരിതരാക്കുന്നു. താനിപ്പോൾ അനുഭവിക്കുന്ന ദിവ്യാനുഭവത്തെക്കുറിച്ച് തന്റെ ജനത അറിഞ്ഞിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ എന്ന് കൊതിക്കുന്ന ഒരു രക്തസാക്ഷിയെക്കുറിച്ച് സൂറത്തുയാസീനിൽ പരാമർശിച്ചിട്ടുണ്ട്.

قِيلَ ادْخُلِ الْجَنَّةَ قَالَ يَا لَيْتَ قَوْمِي يَعْلَمُونَ ﴿٢٦﴾ بِمَا غَفَرَ لِي رَبِّي وَجَعَلَنِي مِنَ الْمُكْرَمِينَ ﴿٢٧﴾

“സ്വർഗത്തിൽ പ്രവേശിച്ചുകൊള്ളുക, എന്ന് പറയപ്പെട്ടു. അദ്ദേഹം പറഞ്ഞു. എന്റെ രക്ഷിതാവ് എനിക്ക് പൊറുത്തു തരികയും ആദരിക്കപ്പെട്ടവരുടെ കൂട്ടത്തിൽ എന്നെ ഉൾപ്പെടുത്തുകയും ചെയ്തതിനെക്കുറിച്ച് എന്റെ ജനത അറിഞ്ഞിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ.”(വിഖു 36:26,27)

3:169 സൂക്തത്തിന്റെ അവതരണ പശ്ചാത്തലം സംബന്ധിച്ച് ഇബ്നു അബ്ബാസി(റ)ൽ നിന്ന് അബൂദാവൂദ്, അഹ്മദ്, ഹാകിം എന്നിവർ ഉദ്ധരിച്ച ഒരു ഹദീസിൽ ഇപ്രകാരം കാണാം: അല്ലാഹുവിന്റെ റസൂൽ (സ) പറഞ്ഞു: “ഉഹ്ദിൽ നിങ്ങളുടെ സഹോദരങ്ങൾക്ക് മരണം സംഭവിച്ചപ്പോൾ അല്ലാഹു അവരുടെ ആത്മാക്കളെ ചില പച്ചപ്പക്ഷികളുടെ ഉള്ളിലാക്കി. അവ സ്വർഗത്തിലെ നദികളിൽ നിന്ന് ദാഹം തീർക്കുകയും സ്വർഗത്തോപ്പുകളിലെ പഴങ്ങൾ ഭുജിക്കുകയും മഹിത സിംഹാസനത്തിന്റെ തണലിലുള്ള സുവർണ ദീപയഷ്ടികൾക്കരികെ വിശ്രമിക്കുകയും ചെയ്യുന്നു. അങ്ങനെ തങ്ങളുടെ ആഹാരപാനീയങ്ങളുടെ വൈശിഷ്ട്യവും വിശ്രമത്തിന്റെ സുഖവും അനുഭവിച്ചപ്പോൾ ആ രക്തസാക്ഷികൾ പറഞ്ഞു: അല്ലാഹു ഞങ്ങൾക്ക് നല്കിയ അനുഗ്രഹത്തെക്കുറിച്ച് (ഇഹലോകത്ത്) ഞങ്ങളുടെ സഹോദരങ്ങൾ അറിഞ്ഞിരുന്നെങ്കിൽ അവർ ജിഹാദിന്റെ കാര്യത്തിൽ താല്പര്യക്കുറവ് കാണിക്കുകയോ യുദ്ധരംഗത്ത് നിന്ന് പിന്മാറുകയോ ചെയ്യാനിടയില്ല.” അപ്പോൾ അല്ലാഹു പറഞ്ഞു: നിങ്ങളുടെ അവസ്ഥയെക്കുറിച്ച് ഞാൻ അവരെ അറിയിക്കാം. തുടർന്ന് അല്ലാഹു ഈ സൂക്തവും അതിന്റെ ശേഷമുള്ള സൂക്തങ്ങളും അവതരിപ്പിച്ചു.

“അല്ലാഹുവിന്റെ മാർഗത്തിൽ കൊല്ലപ്പെട്ടവരെക്കുറിച്ച് മരണപ്പെട്ടവർ എന്ന് നിങ്ങൾ പറയേണ്ട. പ്രത്യുത, അവരാണ് ജീവിച്ചിരിക്കുന്നവർ. പക്ഷേ, നിങ്ങൾ ബോധവാന്മാരാകുന്നില്ല” എന്ന് 2:154 സൂക്തത്തിലും പറഞ്ഞിട്ടുണ്ട്. അവിടെ ‘ജീവിച്ചിരിക്കുന്നവർ’ എന്ന് പറഞ്ഞതിന്റെ വിശദീകരണമാണ് 3:169ൽ ‘അവരുടെ രക്ഷിതാവിന്റെ അടുക്കൽ ജീവിച്ചിരിക്കുന്നവർ’ എന്ന് പറഞ്ഞത്. 2:154 സൂക്തത്തിൽ പറഞ്ഞതുമാത്രം ഉദ്ധരിച്ചുകൊണ്ട് രക്തസാക്ഷികൾ എല്ലാ അർഥത്തിലും ജീവിച്ചിരിക്കുന്നവരാണെന്നും, അവരോട് സഹായം തേടിയാൽ ഏത് വിഷയത്തിലും അവർ സഹായിക്കുമെന്നും ചിലർ ജല്പിക്കാറുണ്ട്. ഇതിന് ഖുർആനിന്റെയോ പ്രാമാണികമായ ഹദീസിന്റെയോ പിൻബലമില്ല.

ഖുർആനിലെ അനന്തരാവകാശനിയമപ്രകാരം രക്തസാക്ഷിയുടെ സ്വത്തുകൾ അവകാശികൾക്ക് ഭാഗിച്ചെടുക്കാം. രക്തസാക്ഷികളെ എല്ലാ കാര്യത്തിലും ജീവിച്ചിരിക്കുന്നവരെപ്പോലെയാണ് കണക്കാക്കേണ്ടതെങ്കിൽ അവരുടെ സ്വത്ത് അവകാശികൾക്ക് ഭാഗിച്ചെടുക്കാൻ പാടില്ലല്ലോ. ഇസ്‌ലാമിക നിയമ പ്രകാരം രക്തസാക്ഷിയുടെ ഭാര്യയ്ക്ക് ഇദ്ദ കാലത്തിനു ശേഷം വേറെ ഭർത്താവിനെ സ്വീകരിക്കാം. ശഹീദിനെ എല്ലാ കാര്യത്തിലും ജീവിച്ചിരിക്കുന്നവനെപ്പോലെയാണ് കണക്കാക്കേണ്ടതെങ്കിൽ അയാളുടെ ഭാര്യയ്ക്ക് വേറെ വിവാഹം അനുവദനീയമാവുകയില്ലല്ലോ.

ബദ്റിലും ഉഹ്ദിലും മറ്റും രക്തസാക്ഷികളായ ആരോടെങ്കിലും നബി(സ)യോ അനുചരരോ വല്ല വിഷയത്തിലും സഹായം തേടിയതായി പ്രാമാണികമായ യാതൊരു ഹദീസിലും പറഞ്ഞിട്ടില്ല. മനുഷ്യ കഴിവിന്നപ്പുറമുള്ള കാര്യങ്ങളിൽ അവരെല്ലാം അല്ലാഹുവോട് മാത്രമാണ് സഹായം തേടിയത്. മാത്രമല്ല, അല്ലാഹുവല്ലാത്ത ആരോടും സഹായത്തിനുവേണ്ടി പ്രാർഥിക്കാൻ പാടില്ലെന്നും അത് കണിശമായ ഏകദൈവവിശ്വാസത്തിന് വിരുദ്ധമാണെന്നും വ്യക്തമാക്കുന്ന അനേകം ഖുർആൻ സൂക്തങ്ങൾക്ക് വിരുദ്ധവുമാണ് രക്തസാക്ഷികളോട് സഹായം തേടാമെന്ന വാദം.

إِن تَدْعُوهُمْ لَا يَسْمَعُوا۟ دُعَآءَكُمْ وَلَوْ سَمِعُوا۟ مَا ٱسْتَجَابُوا۟ لَكُمْ ۖ وَيَوْمَ ٱلْقِيَـٰمَةِ يَكْفُرُونَ بِشِرْكِكُمْ ۚ وَلَا يُنَبِّئُكَ مِثْلُ خَبِيرٍ ﴿١٤﴾

“നിങ്ങൾ അവരോട് പ്രാർഥിക്കുകയാണെങ്കിൽ അവർ നിങ്ങളുടെ പ്രാർഥന കേൾക്കുകയില്ല. അവർ കേട്ടാലും നിങ്ങൾക്ക് അവർ ഉത്തരം നൽകുകയില്ല. ഉയിർത്തെഴുന്നേല്പിന്റെ നാളിലാകട്ടെ, നിങ്ങൾ അവരെ പങ്കാളികളാക്കിയതിനെ അവർ നിഷേധിക്കും. സൂക്ഷ്മജ്ഞാനമുള്ളവനെ(അല്ലാഹുവെ)പ്പോലെ നിനക്ക് വിവരം തരാൻ ആരുമില്ല” (വി.ഖു 35:14)

അല്ലാഹുവിന്റെ അടുക്കൽ ജീവിച്ചിരിക്കുന്ന രക്തസാക്ഷികൾക്ക് ഈ ലോകത്തെ കാര്യങ്ങളിൽ ഇടപെടാൻ കഴിയുമെന്നതിനോ ഇവിടെ ജീവിക്കുന്നവർക്ക് അവരുമായി ബന്ധപ്പെടാൻ കഴിയുമെന്നതിനോ യാതൊരു തെളിവുമില്ല. മുകളിൽ ഉദ്ധരിച്ച 36:26,27 സൂക്തങ്ങൾ ഈ കാര്യം സൂചിപ്പിക്കുന്നു. ജീവിച്ചിരിക്കുന്ന മനുഷ്യർക്ക് മരിച്ചവരുമായി ബന്ധപ്പെടാൻ ഉയിർത്തെഴുന്നേൽപിന്റെ നാൾവരെ സാധിക്കുകയില്ലെന്ന് 23:100 സൂക്തത്തിൽ അല്ലാഹു വ്യക്തമാക്കിയിട്ടുമുണ്ട്.

അല്ലാഹുവിൽ പൂർണമായി വിശ്വാസമർപ്പിക്കുകയും അവന്റെ ഹിതത്തിന് ജീവിതത്തെ വിധേയമാക്കുകയും ചെയ്യുന്ന സത്യവിശ്വാസിക്ക് നേടാൻ കഴിയുന്ന വലിയൊരു സൗഭാഗ്യമാണ് ഭയമോ ദു:ഖമോ ബാധിക്കാത്ത ജീവിതം. സാക്ഷാൽ രക്ഷിതാവിനെ മാത്രം ഭയപ്പെടുന്നതിനാൽ മറ്റു മനുഷ്യരെ ബാധിക്കുന്ന ഭയത്തിൽനിന്നെല്ലാം അവർ മുക്തരാകുന്നു. അല്ലാഹു ഇഷ്ടപ്പെടാത്തതൊന്നും പറയാതിരിക്കാനും പ്രവർത്തിക്കാതിരിക്കാനും പരമാവധി ശ്രദ്ധിക്കുന്നതുകൊണ്ട് അവർ ദു:ഖിക്കേണ്ട സ്ഥിതി സംജാതമാവുകയുമില്ല.

أَلَآ إِنَّ أَوْلِيَآءَ ٱللَّهِ لَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ ﴿٦٢﴾ ٱلَّذِينَ ءَامَنُوا۟ وَكَانُوا۟ يَتَّقُونَ ﴿٦٣﴾ لَهُمُ ٱلْبُشْرَىٰ فِى ٱلْحَيَوٰةِ ٱلدُّنْيَا وَفِى ٱلْـَٔاخِرَةِ ۚ لَا تَبْدِيلَ لِكَلِمَـٰتِ ٱللَّهِ ۚ ذَٰلِكَ هُوَ ٱلْفَوْزُ ٱلْعَظِيمُ ﴿٦٤﴾

“ശ്രദ്ധിക്കുക. തീർച്ചയായും അല്ലാഹുവിന്റെ മിത്രങ്ങളാരോ അവർക്ക് യാതൊരു ഭയവുമില്ല. അവർ ദു:ഖിക്കേണ്ടിവരികയുമില്ല. വിശ്വസിക്കുകയും സൂക്ഷ്മത പാലിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവരത്രെ അവർ. അവർക്കാണ് ഐഹികജീവിതത്തിലും പരലോകത്തും സന്തോഷവാർത്തയുള്ളത്. അല്ലാഹുവിന്റെ വ

ചനങ്ങൾക്ക് യാതൊരു മാറ്റവുമില്ല. അത് (ആ സന്തോഷവാർത്ത) തന്നെയാണ് മഹത്തായ ഭാഗ്യം" (വി.ഖു 10: 62-64)

إِنَّ الَّذِينَ قَالُوا رَبُّنَا اللَّهُ ثُمَّ اسْتَقَامُوا فَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ ﴿١٣﴾ أُولَٰئِكَ أَصْحَابُ الْجَنَّةِ خَالِدِينَ فِيهَا جَزَاءً بِمَا كَانُوا يَعْمَلُونَ ﴿١٤﴾

"ഞങ്ങളുടെ രക്ഷിതാവ് അല്ലാഹുവാണ് എന്ന് പറയുകയും പിന്നീട് ചൊവ്വെ നിലകൊള്ളുകയും ചെയ്തവരാരോ അവർക്ക് യാതൊന്നും ഭയപ്പെടാനില്ല. അവർ ദു:ഖിക്കേണ്ടിവരികയുമില്ല. അവരാകുന്നു സ്വർഗാവകാശികൾ. അവരതിൽ നിത്യവാസികളായിരിക്കും. അവർ പ്രവർത്തിച്ചിരുന്നതിനുള്ള പ്രതിഫലമത്രെ അത്" (വി.ഖു 46:13,14)

ഒരാൾ അല്ലാഹുവിന്റെ മാർഗത്തിലുള്ള യുദ്ധത്തിൽ കൊല്ലപ്പെടുന്നത് മനസ്സിൽ സത്യവിശ്വാസമുള്ള നിലയിലാണെങ്കിൽ അയാളുടെ കർമങ്ങളിൽ വീഴ്ചയും അപരാധവും സംഭവിച്ചുപോയിട്ടുണ്ടെങ്കിലും മരണാനന്തരജീവിതത്തിൽ രക്തസാക്ഷിക്കുള്ള മഹത്തായ പ്രതിഫലം പൂർണമായിത്തന്നെ അല്ലാഹു അയാൾക്ക് നൽകുമെന്ന് 3:171 സൂക്തത്തിൽ നിന്ന്ഗ്രഹിക്കാം. അല്ലാഹുവിന്റെ മാർഗത്തിൽ പോരാടുന്നവരുടെ കൂട്ടത്തിൽ രക്തസാക്ഷികളാകുന്നവർക്ക് മാത്രമല്ല, അതിജീവിക്കുന്നവർക്കും അല്ലാഹു ഇഹത്തിലും പരത്തിലും മഹത്തായ പ്രതിഫലം നൽകും.

يَا أَيُّهَا الَّذِينَ آمَنُوا هَلْ أَدُلُّكُمْ عَلَىٰ تِجَارَةٍ تُنجِيكُم مِّنْ عَذَابٍ أَلِيمٍ ﴿١٠﴾ تُؤْمِنُونَ بِاللَّهِ وَرَسُولِهِ وَتُجَاهِدُونَ فِي سَبِيلِ اللَّهِ بِأَمْوَالِكُمْ وَأَنفُسِكُمْ ذَٰلِكُمْ خَيْرٌ لَّكُمْ إِن كُنتُمْ تَعْلَمُونَ ﴿١١﴾ يَغْفِرْ لَكُمْ ذُنُوبَكُمْ وَيُدْخِلْكُمْ جَنَّاتٍ تَجْرِي مِن تَحْتِهَا الْأَنْهَارُ وَمَسَاكِنَ طَيِّبَةً فِي جَنَّاتِ عَدْنٍ ذَٰلِكَ الْفَوْزُ الْعَظِيمُ ﴿١٢﴾ وَأُخْرَىٰ تُحِبُّونَهَا نَصْرٌ مِّنَ اللَّهِ وَفَتْحٌ قَرِيبٌ وَبَشِّرِ الْمُؤْمِنِينَ ﴿١٣﴾

"സത്യവിശ്വാസികളേ, വേദനയേറിയ ശിക്ഷയിൽ നിന്ന് നിങ്ങളെ രക്ഷിക്കുന്ന ഒരു കച്ചവടത്തെക്കുറിച്ച് ഞാൻ നിങ്ങൾക്ക് അറിയിച്ചുതരട്ടെയോ? നിങ്ങൾ അല്ലാഹുവിലും അവന്റെ റസൂലിലും വിശ്വസിക്കണം. അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങളുടെ സ്വത്തുകൾ കൊണ്ടും ശരീരങ്ങൾകൊണ്ടും നിങ്ങൾ സമരം ചെയ്യുകയും വേണം. അതാണ് നിങ്ങൾക്ക് ഗുണകരമായിട്ടുള്ളത്. നിങ്ങൾ അറിവുള്ളവരാണെങ്കിൽ. എങ്കിൽ അവൻ നിങ്ങൾക്ക് നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരികയും താഴ്ഭാഗത്തുകൂടെ നദികൾ ഒഴുകുന്ന സ്വർഗത്തോപ്പുകളിലും സ്ഥിരവാസത്തിനുള്ള ഉദ്യാനങ്ങളിലെ വിശിഷ്ടമായ വസതികളിലും അവൻ നിങ്ങളെ പ്രവേശിപ്പിക്കുകയും ചെയ്യും. അതത്രെ മഹത്തായ ഭാഗ്യം. നിങ്ങൾ ഇഷ്ടപ്പെടുന്ന മറ്റൊരു കാര്യവും(അവൻ നൽകും). അല്ലാഹുവിങ്കൽ നിന്നുള്ള സഹായവും ആസന്നമായ വിജയവുമത്രെ അത്. (നബിയേ) സത്യവിശ്വാസികൾക്ക് നീ സന്തോഷവാർത്ത അറിയിക്കുക" (വി.ഖു 61:10-13)

ഉഹ്ദ് യുദ്ധത്തിന്റെ അവസാനഘട്ടത്തിൽ അന്തിമവിജയം അനായാസമല്ലെന്ന് കണ്ട് പിൻവാങ്ങിയ ശത്രുസൈന്യം മുസ്‌ലിംകൾക്ക് ഏറെ നാശനഷ്ടങ്ങൾ വരുത്താൻ കഴിഞ്ഞതിൽ സന്തുഷ്ടരായിരുന്നുവെങ്കിലും, മുഹമ്മദിനെയും കൂട്ടുകാരെയും കൊന്നൊടുക്കി അവരുടെ സ്ത്രീകളെ തടവുകാരാക്കുക എന്ന വലിയ ആഗ്രഹം സാധിക്കാത്തതിൽ അവർ അസംതൃപ്തരായിരുന്നു. അതിനാൽ ശത്രുസേനാനായകൻ അബൂസുഫ്‌യാൻ ഉഹ്ദിൽനിന്ന് മടങ്ങിയത് നമുക്ക് അടുത്തവർഷം ബദ്റിൽ ഏറ്റുമുട്ടാം എന്ന വെല്ലുവിളി ഉയർത്തിക്കൊണ്ടായിരുന്നു.

അബൂസുഫ്‌യാന്റെ ഭീഷണി കണക്കിലെടുത്ത് വീണ്ടും ബദ്റിലേക്ക് ഒരു സൈനികനീക്കം നടത്താൻ നബി(സ) അനുചരരോട് ആവശ്യപ്പെട്ടു. മനസ്സിൽ ദൃഢമായ വിശ്വാസമുള്ളവർ അതനുസരിച്ച് ഒരുക്കങ്ങൾ തുടങ്ങി. അവരിൽ ചിലർ ഉഹ്ദ് യുദ്ധത്തിൽ പരിക്കേറ്റവരായിരുന്നു. ചിലരുടെ ബന്ധുമിത്രാദികൾ അന്ന് കൊല്ലപ്പെട്ടിരുന്നു. എന്നിട്ടും അല്ലാഹുവിന്റെ മാർഗത്തിൽ ശത്രുക്കളെ നേരിടാനുള്ള നബി(സ)യുടെ ആഹ്വാനം അവർ സ്വീകരിച്ചു. ഇതിനെക്കുറിച്ചാണ് 3:172 സൂക്തത്തിൽ പരാമർശിച്ചിട്ടുള്ളത്. പ്രതിരോധവും പ്രത്യാക്രമണവും സാഹചര്യങ്ങൾ അനുകൂലമാകുമ്പോൾ മാത്രം മതിയാവില്ല. നിലനില്പിന് ഭീഷണി നേരിടുമ്പോൾ പരിക്കും ക്ഷീണവും അവഗണിച്ച് പൊരുതേണ്ടിവരും.

انفِرُوا خِفَافًا وَثِقَالًا وَجَاهِدُوا بِأَمْوَالِكُمْ وَأَنفُسِكُمْ فِي سَبِيلِ اللَّهِ ذَٰلِكُمْ خَيْرٌ لَّكُمْ إِن كُنتُمْ تَعْلَمُونَ

"നിങ്ങൾ സൗകര്യമുള്ളവരാണെങ്കിലും ഞെരുക്കമുള്ളവരാണെങ്കിലും (ധർമസമരത്തിന്) ഇറങ്ങിപ്പുറപ്പെട്ടുകൊള്ളുക. നിങ്ങളുടെ സ്വത്തുകൾകൊണ്ടും ശരീരങ്ങൾകൊണ്ടും അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങൾ സമരം ചെയ്യുക. അതാണ് നിങ്ങൾക്ക് ഉത്തമം' നിങ്ങൾ (കാര്യം) ഗ്രഹിക്കുന്നുണ്ടെങ്കിൽ" (വി.ഖു 9:41)

അബൂസുഫ്‌യാന്റെ വെല്ലുവിളി നേരിടുന്നതിനുവേണ്ടി ബദ്റിലേക്ക് പുറപ്പെടാൻ നബി(സ)യും യഥാർഥ വിശ്വാസികളും ഒരുങ്ങിയ സന്ദർഭത്തിലും കപടന്മാർ അവരുടെ തനിനിറം കാണിച്ചു. 'നിങ്ങളെ നേരിടാൻ വേണ്ടി ജനങ്ങൾ എല്ലാം, ശേഖരിച്ചിട്ടുണ്ട്. അതിനാൽ നിങ്ങൾ അവരെ ഭയപ്പെടണം' എന്നായിരുന്നു സത്യവിശ്വാസികളുടെ ധൈര്യം കെടുത്താൻവേണ്ടിയുള്ള കപടന്മാരുടെ ദുർബോധനം. പക്ഷേ, അതുകേട്ട് യഥാർഥ വിശ്വാസികൾ ഭീരുത്വം കാണിച്ചില്ലെന്ന് മാത്രമല്ല, അവരുടെ വിശ്വാസത്തിന്റെ കരുത്ത് വർധിക്കാൻ അതൊരു നിമിത്തമാവുകയും ചെയ്തു. ആരൊക്കെ എത്ര വലിയ ശക്തിയോടെ ആക്രമിക്കാൻ വന്നാലും ഞങ്ങൾക്ക് അല്ലാഹു മതി എന്നായിരുന്നു അവരുടെ നിലപാട്. ഭരമേല്പിക്കാനും ആശ്രയിക്കാനും ഏറ്റവും നല്ലത് സർവശക്തനായ അല്ലാഹുവാണ് എന്ന ബോധ്യമാണ് ആ നിലപാടിലേക്ക് അവരെ നയിച്ചത്. ഇതത്രെ 3:173 സൂക്തത്തിന്റെ അവതരണ പശ്ചാത്തലം.

إِنَّا لَنَنصُرُ رُسُلَنَا وَالَّذِينَ آمَنُوا فِي الْحَيَاةِ الدُّنْيَا وَيَوْمَ يَقُومُ الْأَشْهَادُ ﴿٥١﴾

"തീർച്ചയായും നാം നമ്മുടെ ദൂതന്മാരെയും(അവരിൽ) വിശ്വസിച്ചവരെയും, ഇഹലോകജീവിതത്തിലും സാക്ഷികൾ രംഗത്തുവരുന്ന ദിവസത്തിലും സഹായിക്കു

കതന്നെ ചെയ്യും" (വി.ഖു 40:51)

أَلَيْسَ ٱللَّهُ بِكَافٍ عَبْدَهُۥ ۖ وَيُخَوِّفُونَكَ بِٱلَّذِينَ مِن
دُونِهِۦ ۚ وَمَن يُضْلِلِ ٱللَّهُ فَمَا لَهُۥ مِنْ هَادٍ ﴿٣٦﴾ وَمَن
يَهْدِ ٱللَّهُ فَمَا لَهُۥ مِن مُّضِلٍّ ۗ أَلَيْسَ ٱللَّهُ بِعَزِيزٍ ذِى ٱنتِقَامٍ

"തന്റെ ദാസന് അല്ലാഹു മതിയായവനല്ലെയോ? അവന് പുറമെയുള്ളവരെക്കുറിച്ച് അവർ നിന്നെ പേടിപ്പിക്കുന്നു, വല്ലവനെയും അല്ലാഹു പിഴവിലാക്കുകയാണെങ്കിൽ അവനെ നേൽവഴിയിലാക്കാൻ ആരുമില്ല. വല്ലവനെയും അല്ലാഹു നേർവഴിയിലാക്കുകയാണെങ്കിൽ അവനെ വഴിപിഴപ്പിക്കാനും ആരുമില്ല. അല്ലാഹു പ്രതാപിയും ശിക്ഷാനടപടി എടുക്കുന്നവനും അല്ലയോ?" (വി.ഖു 39:36,37)

അല്ലാഹുവിന്റെസഹായവും അനുഗ്രഹവും മാത്രം പ്രതീക്ഷിച്ച് ആദർശധീരരായ ആയിരത്തിലധികം സത്യവിശ്വാസികൾ ബദ്റിലേക്ക് അബൂസുഫ്യാന്റെ വെല്ലുവിളി നേരിടാൻ വേണ്ടിപുറപ്പെട്ടു. പക്ഷെ, പല കാരണങ്ങളാൽ ശത്രുക്കൾ ബദ്റിൽ എത്തിയില്ല. അബൂസുഫ്യാൻ ഉഹ്ദിൽ നിന്ന് വെല്ലുവിളി നടത്തിയിരുന്നെങ്കിലും അയാളുടെ മനസ്സിൽ ഭയാശങ്കകളുണ്ടായിരുന്നു. ഉഹ്ദിൽ ആദ്യഘട്ടത്തിലും അവസാന ഘട്ടത്തിലും തന്റെ സൈന്യം പിന്മാറാൻ നിർബന്ധിതരായതും, ബദ്റിൽ കനത്ത പരാജയം ഏറ്റുവാങ്ങേണ്ടിവന്നതുമാണ് ആശങ്കകൾക്ക് കാരണം. മതിയായ സൈനികസന്നാഹം നടത്താൻ ആ വർഷം മക്കക്കാരുടെ സാമ്പത്തിക സ്ഥിതി അനുകൂലമായിരുന്നില്ല എന്നതും അവർ ബദ്റിലേക്ക് പുറപ്പെടാതിരിക്കാൻ ഒരു കാരണമായിരുന്നു. അബൂസുഫ്യാനും കൂട്ടുകാരും യുദ്ധത്തിന് പുറപ്പെട്ടശേഷം മക്കയിലേക്ക് തന്നെ തിരിച്ചുപോവുകയാണുണ്ടായതെന്നാണ്ചില റിപ്പോർട്ടുകളിൽ കാണുന്നത്. ഏതായാലും മുസ്‌ലിംകൾക്ക് ഒരു യുദ്ധഭീഷണി ഒഴിവായെന്ന് മാത്രമല്ല, ബദ്റിലെ വ്യാപാരമേളയിൽനിന്ന് ഏറെ നേട്ടമുണ്ടാക്കാൻ കഴിയുകയും ചെയ്തു. ഇതെക്കുറിച്ചാണ് 3:17 സൂക്തത്തിൽ പരാമർശിച്ചിട്ടുള്ളത്.

അല്ലാഹു അല്ലാത്ത ആരെയും ഭയപ്പെടാതിരിക്കുക എന്നത് കണിശമായ ഏകദൈവവിശ്വാസത്തിന്റെ താൽപര്യമത്രെ! കാരണം, അല്ലാഹു രക്ഷിക്കാൻ തീരുമാനിച്ചവർക്ക് ദ്രോഹമേൽപിക്കാനോ അവൻ ശിക്ഷിക്കാൻ നിശ്ചയിച്ചവരെ രക്ഷിക്കാനോ ആർക്കും സാധ്യമല്ല. വ്യാജദൈവങ്ങളുടെ ശാപകോപങ്ങളെക്കുറിച്ച് പറഞ്ഞുപേടിപ്പിച്ചവരോട് ഇബ്റാഹീം നബി(അ) ചോദിച്ച ഒരു ചോദ്യം ഖുർആനിലുണ്ട്.

وَكَيْفَ أَخَافُ مَآ أَشْرَكْتُمْ وَلَا تَخَافُونَ أَنَّكُمْ
أَشْرَكْتُم بِٱللَّهِ مَا لَمْ يُنَزِّلْ بِهِۦ عَلَيْكُمْ سُلْطَٰنًا ۚ فَأَىُّ
ٱلْفَرِيقَيْنِ أَحَقُّ بِٱلْأَمْنِ ۖ إِن كُنتُمْ تَعْلَمُونَ ﴿٨١﴾

"നിങ്ങൾ അല്ലാഹുവിന് പങ്കാളിയാക്കിയതിനെ ഞാൻ എങ്ങനെ ഭയപ്പെടും? നിങ്ങളാകട്ടെ, അല്ലാഹു നിങ്ങൾക്ക് യാതൊരു പ്രമാണവും നൽകിയിട്ടില്ലാത്ത വസ്തുക്കളെ അവന് പങ്കാളിയാക്കിയതിനെക്കുറിച്ച് ഭയപ്പെടുന്നുമില്ല. അപ്പോൾ രണ്ട് കക്ഷികളിൽ ആരാണ് നിർഭയരായിരിക്കാൻ ഏറ്റവും അർഹതയുള്ളവർ, (പറയൂ) നിങ്ങൾക്ക് അറിയാമെങ്കിൽ" (വി.ഖു 6:81)

അല്ലാഹുവെയും റസൂലിനെ(സ)യും എതിർക്കുന്നവരാണ് ഇരുലോകങ്ങളിലെയും ശിക്ഷയെക്കുറിച്ച് ഏറെ ഭയപ്പെടേണ്ടത്. അല്ലാഹുവിന്റെ സഹായവും അനുഗ്രഹവും സദാ പ്രതീക്ഷിക്കുന്ന സത്യവിശ്വാസികളാണ് ഒട്ടും ഭയമില്ലാതെ ജീവിക്കാൻ ഏറ്റവും അർഹതയുള്ളവർ. സത്യവിശ്വാസികൾക്കെതിരിൽ പോരാടുന്നതും അവരെ പേടിപ്പിക്കാൻ ശ്രമിക്കുന്നതും പിശാചും കൂട്ടാളികളുമാണ്. അതിനാൽ അവരെയൊന്നും ഒട്ടും ഭയപ്പെടാതെ അല്ലാഹുവെ മാത്രം ഭയപ്പെടാൻ 3:175 സൂക്തത്തിൽ അല്ലാഹു സത്യവിശ്വാസികളെ ആഹ്വാനം ചെയ്യുന്നു.

ٱلَّذِينَ ءَامَنُوا۟ يُقَٰتِلُونَ فِى سَبِيلِ ٱللَّهِ ۖ وَٱلَّذِينَ كَفَرُوا۟ يُقَٰتِلُونَ فِى
سَبِيلِ ٱلطَّٰغُوتِ فَقَٰتِلُوٓا۟ أَوْلِيَآءَ ٱلشَّيْطَٰنِ ۖ إِنَّ كَيْدَ ٱلشَّيْطَٰنِ
كَانَ ضَعِيفًا ﴿٧٦﴾

"വിശ്വാസികൾ അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്യുന്നു. സത്യനിഷേധികളാവട്ടെ, ദുർമൂർത്തികളുടെ മാർഗത്തിൽ പൊരുതുന്നു. അതിനാൽ പിശാചിന്റെ മിത്രങ്ങളുമായി നിങ്ങൾ യുദ്ധത്തിൽ ഏർപ്പെടുക. തീർച്ചയായും പിശാചിന്റെ കുതന്ത്രം ദുർബലമാകുന്നു" (വി.ഖു 4:76)

ഉഹ്ദ് യുദ്ധത്തിലെ രക്തസാക്ഷികൾക്ക് മരണാനന്തര ജീവിതത്തിൽ അല്ലാഹു നൽകിയ അനുഗ്രഹങ്ങളും ആ യുദ്ധത്തെ അതിജീവിച്ച ആദർശധീരരായ സ്വഹാബികൾക്ക് രണ്ടാം ബദ്ർ എന്ന് വിളിക്കപ്പെടുന്ന സൈനിക നീക്കത്തിൽ അല്ലാഹു കൈവരുത്തിയ നേട്ടങ്ങളും വിവരിക്കുന്ന ഈ സൂക്തങ്ങൾ അല്ലാഹുവിന്റെ മാർഗത്തിൽ സമരം ചെയ്യുന്നവർക്ക് ഏറ്റവും നല്ല പരിണതി മാത്രമേ വരാനുള്ളൂ എന്ന് വ്യക്തമാക്കുന്നു. •

ANJUMAN TA'LEEMUL QUR'AN
AL-FITRAH الفطرة
ISLAMIC PRESCHOOL
ACE AL-FITRAH
ISLAMIC PRESCHOOL, MANJERI-3
Run by: ACE Charitable Trust
2015 ജൂണിൽ ആരംഭിക്കുന്ന പ്രീ -സ്കൂളിലേക്ക്
ടീച്ചേഴ്സിനെ ആവശ്യമുണ്ട്.
അൽ - ഫിത്‌റ ട്രെയിനിംഗ് ലഭിച്ചവർക്കും
ട്രെയിനിംഗിന് തയ്യാറുള്ള
CBSE +2/അഫ്ളലുൽ ഉലമ പാസ്സായ
പെൺകുട്ടികൾക്കും അപേക്ഷിക്കാം.
കൂടുതൽ വിവരങ്ങൾക്ക് 9447679408 (കെ എം ഹുസൈൻ)